
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 36 | THE ONLINE OFFICIAL NEWS BULLETIN | 2021 August 21

തേജസ്കരണകാലം | SEASON OF TRANSFIGURATION | ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22  ♪4 1st Sunday after Shunoyo Comme. of Beth Hananiah (Hananiah, Azariah, Mishael)	23 ♪8	24  ♪4 3rd Mem. of Thomas Mar Athanasios ✠ (Othara Dayara)	25 ♪8	26 ♪4	27 ♪8	28 ♪4



പരിശുദ്ധ കാതോലിക്കാ ബാവായുടെ 40–ാം അടിയന്തിരം ആചരിച്ചു


കോട്ടയം: സമൂഹത്തിന്റെ തുടിപ്പുകൾ അറിയുകയും സഹജീവികളെ കരുതുകയും ചെയ്തിരുന്ന സഭാദ്ധ്യക്ഷനായിരുന്നു പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെന്ന് കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 40–ാം ദിന അടിയന്തിര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ മൂന്നിന്മേൽ കുർബാനയിൽ മെത്രാപ്പോലീത്താമാരായ സഖറിയാ മാർ അന്തോനിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ സഹകാർമികത്വം വഹിച്ചു. പ്രതിസന്ധി ഘട്ടങ്ങളിൽ സഭയെ നയിച്ച പൗലോസ് ദ്വിതീയൻ ബാവാ വിശ്വാസികൾക്കിടയിൽ എന്നും സ്മരിക്കപ്പെടുമെന്ന് ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രഭാഷണത്തിൽ പറഞ്ഞു. തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തി. പരിശുദ്ധ ബാവായുടെ 40–ാം അടിയന്തിരം പ്രമാണിച്ച് കോട്ടയം മുൻസിപ്പൽ പരിധിയിൽപെടുന്ന എല്ലാ അഭയകേന്ദ്രങ്ങളിലും സദ്യ നൽകി.

മെത്രാപ്പോലീത്താമാരായ ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, സഖറിയാ മാർ നിക്കോളാവോസ്, ഡോ. യാക്കൂബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, തോമസ് ചാഴികാടൻ എം.പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, പി.സി വിഷ്ണുനാഥ് എം.എൽ.എ., വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ ജോൺ, സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, അരമന മാനേജർ ഫാ. എം. കെ. കുര്യൻ തുടങ്ങിയവർ സംബന്ധിച്ചു.




കെ. എസ്. ചിത്ര പ. കാതോലിക്കാ ബാവായുടെ കബറിടം സന്ദർശിച്ചു

കോട്ടയം: ക്രിസ്തു സേവനത്തിന്റെ ആൾരൂപമായിരുന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയെന്ന് ഗായിക കെ. എസ്. ചിത്ര. പ. കാതോലിക്കാ ബാവായുടെ കബറിടം കുടുംബത്തോടൊപ്പം സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു സംസാരിക്കുകയായിരുന്നു ചിത്ര. മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ ക്ലീമ്മീസ്, ഡോ. യൂഹാനോൻ മാർ മിലിത്തോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. എം ഒ ജോൺ, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ ചേർന്നു ചിത്രയെ സ്വീകരിച്ചു.



പരിശുദ്ധ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ ജീവിതവും ദർശനവും ഉൾക്കൊള്ളുന്ന 'നിഷ്കളങ്ക തേജസ്' എന്ന കൃതി കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പോലിത്ത, ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിലിനു നൽകി പ്രകാശനം ചെയ്തു.

ആരാധനാ കലണ്ടർ



ആഗസ്റ്റ് 15: ത്രിവിധ സ്വാതന്ത്ര്യത്തിന്റെ മഹത്തായ സുദിനം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (വി. യോഹന്നാൻ 8:32).

സ്വതന്ത്ര ഭാരതത്തിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭാവിശ്വാസത്തിൽ അധിഷ്ഠിതമായി ജീവിതം നയിക്കുന്ന ഏവർക്കും ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു സുദിനമാണല്ലോ ആഗസ്റ്റ് മാസം 15-ാം തീയതി. മൂന്നു വിധത്തിലുള്ള സ്വാതന്ത്ര്യം ഓർക്കപ്പെടേണ്ട സംഭവങ്ങൾ ഈ ദിനത്തിൽ കാണുന്നു.

1. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ പാപത്തിന് അടിമപ്പെട്ട മനുഷ്യകുലത്തിന് നിത്യമായ വിടുതലും മോചനവും സ്വാതന്ത്ര്യവും ലഭിക്കുന്നത് ദൈവപുത്രന്റെ മനുഷ്യാവതാര വ്യാപാരത്തിലൂടെയാണല്ലോ. ആ ശ്രേഷ്ഠദൗത്യത്തിന് നിദാനമാകുവാൻ തക്കവണ്ണം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളുടെ വാങ്ങിപ്പു പെരുന്നാൾ മനുഷ്യകുലത്തിന്റെ വിമോചനത്തിന്റെ പ്രതീക ദിനമായി കാണാവുന്നതാണ്. അഥവാ മാനവകുലത്തിന്റെ നിത്യസ്വാതന്ത്ര്യത്തിന് കാരണമായിത്തീർന്ന അമ്മയുടെ പെരുന്നാൾ ആത്മികമായി ചിന്തിച്ചാൽ ഏറ്റവും ഉദാത്തമായ സ്വാതന്ത്ര്യദിനം തന്നെയാണ്. അന്ന് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായി തീർന്നതിൽ ഭാരത ക്രൈസ്തവർ എന്ന നിലയിൽ നമുക്ക് ഏറെ അഭിമാനിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം. പ. ദൈവമാതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും സർവ്വലോകത്തിനും സ്വതന്ത്രജീവിതം നയിക്കുവാൻ പ്രചോദനം നൽകട്ടെ.

2. പ. മാർത്തോമ്മാ ശ്ലീഹായുടെയും അറിയിപ്പുകാരായ മാർ ആദായി, മാർ മാറി എന്നിവരുടെയും സുവിശേഷ പ്രവർത്തനഫലമായി അബ്ഗാർ അഞ്ചാമന്റെ കാലത്ത് ആരംഭിച്ച പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഏഴാം നൂറ്റാണ്ടു മുതൽ എഡേസ്സയിൽ തുടക്കമിട്ടതും 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലങ്കരയിൽ അധീശത്വം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്ത പാശ്ചാത്യ-അന്ത്യോഖ്യൻ സുറിയാനി സഭയുടെ കോളനിവൽക്കരണ ശ്രമങ്ങളിൽ നിന്നും 1912 സെപ്തംബർ മാസം 15-ാം തീയതി മലങ്കരയിലെ തള്ളപ്പള്ളികളിലൊന്നായ പ. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണം മർത്തമറിയം ദേവാലയത്തിൽ വെച്ച് മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ഭാഗ്യമോടെ പൗരസ്ത്യ സുറിയാനി സഭയുടെ അദ്ധ്യക്ഷനായി വാണരുളുവാൻ ഒരു കാതോലിക്കായെ ലഭിച്ചപ്പോൾ ആ മഹാ സംഭവത്തിന് കാരണമായി തീരുവാൻ ചരിത്രനിയോഗം പോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പ. മോറാൻ മാർ ഇഗ്നാത്യോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപെരുന്നാളും ഈ സുദിനത്തിലാണല്ലോ.

പൗരസ്ത്യ സിംഹാസനമായ പ. മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തെ ഇല്ലാതാക്കുവാനും പൗരസ്ത്യ സഭയെ പാശ്ചാത്യ അടിമത്വത്തിൻകീഴിൽ തളയ്ക്കുവാനും വേണ്ടി തന്റെ പൂർവ്വീകർ ചെയ്ത തെറ്റുകളും കുൽസിത പ്രവർത്തനങ്ങളും മനസ്സിലാക്കി അതിനെ തിരുത്തുവാനും മറ്റെല്ലാ ഓർത്തഡോക്സ് സഭകളെയുംപോലെ തന്നെ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ അദ്ധ്യക്ഷനും പ. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയുമായ പ. കാതോലിക്കാ ബാവായ്ക്ക് അധികാരവും സ്വാതന്ത്ര്യവും ഉണ്ടെന്ന് മനസ്സിലാക്കി തെറ്റുതിരുത്തിയ പുണ്യപിതാവാണ് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ. അതുകൊണ്ട് തന്നെ മാതൃസഭയിൽ നിന്നും അനേകം പീഡനങ്ങൾ അദ്ദേഹത്തിന് സഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് ചരിത്ര വിദ്യാർത്ഥികൾക്ക് അറിയാമല്ലോ. പുണ്യവാനായ ആ പിതാവിന്റെ 106-ാം ഓർമ്മപെരുന്നാൾ ഈ ദിവസം നാം ആഘോഷിക്കുമ്പോൾ പൗരസ്ത്യ ഓർത്തഡോക്സ് സഭയ്ക്ക് പൊതുവെയും മലങ്കരസഭയ്ക്ക് പ്രത്യേകിച്ചും അത് സ്വാതന്ത്ര്യത്തിന്റെ ദിനം തന്നെ.

കോളനിവൽക്കരണങ്ങളാലും മത-രാഷ്ട്രീയ പീഡനങ്ങളാലും പ്രീണനങ്ങളാലും ക്ഷയോന്മുഖമായി തീരുകയും ഒടുവിൽ 1865-ൽ പൂർണ്ണമായും ഇല്ലാതായി തീരുകയും ചെയ്ത പ. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനമാണല്ലോ സ്വാതന്ത്ര്യത്തിന്റെ ചിരപ്രതീകമായി മലങ്കരയ്ക്ക് ലഭിച്ച കാതോലിക്കാ സിംഹാസനം.





ഈ പുനർജന്മത്തിന്റെ ക്രമമായ വളർച്ചയിൽ 1934-ൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സുവ്യക്തവും അവിതർക്കിതവുമായ ഒരു ഭരണഘടന രൂപപ്പെടുത്തുവാനും അതിലൂടെ ഈ സ്വതന്ത്രസഭയുടെ അതിരുകൾ വിപുലപ്പെടുത്തുവാനും അതിനെതിരെ ഉയരുന്ന എല്ലാ ഓളങ്ങളെയും ചുഴലികളെയും ഇല്ലായ്മ ചെയ്യുവാനും ആ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയ പിതാക്കന്മാരുടെ നേതൃത്വത്തിൽ നമുക്ക് സാധിക്കുന്നു. സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി പ. സഭയ്ക്ക് എതിരെ യുദ്ധപ്രഖ്യാപനം നടത്തി നിയമലംഘനവും വിഘടന ഭീകരവാദവും വളർത്തി അടിമനുകത്തിൻകീഴിൽ സ്വയം നിരക്കുന്നവരെ ഓർത്ത് ഈ ദിനത്തിൽ പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ മദ്ധ്യസ്ഥതയിൽ നമുക്ക് പ്രാർത്ഥിക്കാം.

3. ഒരു ഭാരതീയനെ സംബന്ധിച്ചിടത്തോളം 1947 ആഗസ്റ്റ് മാസം 15-ാം തീയതി അവൻ ശ്വസിച്ച സ്വാതന്ത്ര്യത്തിന്റെ വായു ഏറെ പ്രാധാന്യമുള്ളതാണ്. മനുഷ്യകുലത്തോളം തന്നെ പഴക്കവും പാരമ്പര്യവുമുള്ള ആർഷഭാരത സംസ്കൃതിയെ കീഴ്പ്പെടുത്തി തങ്ങളുടെ വരുതിയിൽ കൊണ്ടുവരുവാൻ ബി.സി. 4-ാം നൂറ്റാണ്ടിലെ അലക്സാണ്ടർ ചക്രവർത്തിയുടെ കാലം മുതലേ ശ്രമങ്ങൾ നടന്നിട്ടുണ്ടെന്ന് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ രണ്ടാം സഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ അത്തരം ശ്രമങ്ങൾ ശക്തിപ്രാപിക്കുകയും പോർച്ചുഗീസുകാർ, ഡച്ചുകാർ എന്നിവർ അവരുടെ കോളനികൾ ഭാരതത്തിൽ സ്ഥാപിക്കുവാൻ ശ്രമിക്കുകയും ഒടുവിൽ ഒരു നൂറ്റാണ്ടോളം ഭാരതം ഏതാണ്ട് മുഴുവനും ബ്രിട്ടീഷ് സാമ്രാജ്യത്തിന് കീഴ്പ്പെട്ട് അവരുടെ കോളനിയായി മാറ്റപ്പെടുകയും ചെയ്തു. സായുധ വിപ്ലവങ്ങൾക്ക് പകരം അഹിംസാധിഷ്ഠിത-അക്രമരാഹിത്യ സത്യഗ്രഹങ്ങളിലൂടെ ഒരു ജനത മുഴുവൻ ഒന്നിച്ച് അണിനിരന്നപ്പോൾ ലോകത്തിന് മുഴുവൻ ഉത്തമ മാതൃകയാകുവാൻ മഹാത്മജിയുടെ നേതൃത്വത്തിൽ ഭാരതാംബയ്ക്ക് കഴിഞ്ഞു.

'സർവ്വധർമ്മസമഭാവ' എന്ന ആശയത്തിൽ ഉയർന്ന മൂല്യബോധത്തോടെ ലോകത്തെ ഏറ്റവും മഹത്തരമായ മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായി ഒരുമയോടെ നിലകൊള്ളുവാൻ ഭാരതാംബയ്ക്ക് കഴിഞ്ഞു. സത്യം, സമത്വം, സ്വാതന്ത്ര്യം എന്നീ തത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് എല്ലാ വിദേശ അധിനിവേശങ്ങളെയും എതിർത്തു തോൽപ്പിക്കുവാൻ നമുക്ക് കഴിയുമ്പോൾ രാഷ്ട്രം ഇനിയും രാഷ്ട്രീയവും ആത്മികവുമായ പുരോഗതിയിൽ മുന്നോട്ട് പോകും.

ഒരേരിന്ത്യ, ഒരൊറ്റ ജനത എന്ന ആപ്തവാക്യത്തിൽ ഉറച്ച് മതസാഹോദര്യബോധത്തോടെ ഒരുമയിൽ മുന്നേറുവാൻ നമുക്ക് ഇടയാകട്ടെ. ദേശീയതയ്ക്ക് എതിരായി നിൽക്കുന്ന സർവ്വത്തെയും ആത്മികശക്തിയാൽ ഇല്ലായ്മ ചെയ്യുവാൻ ഇടയാകട്ടെ. ജയ് ഭാരത്. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അനുസ്മരണം

പ. ബാവാ: നസ്രാണി പൗരുഷത്തിന് പൊരുൾ നല്കിയ ഗുരുശ്രേഷ്ഠൻ

ഫാ. ഐസക്ക് സി. എ., ഓസ്ട്രേലിയാ

അതിശയോക്തികളുടെ അകമ്പടിയില്ലാതെ തന്റെ വ്യക്തിത്വത്തിന്റെ തനിമയുടെ തെളിമയാർന്ന കൈയൊപ്പുകൾ കാലത്തിന്റെ ചുവരുകളിൽ രേഖപ്പെടുത്തി, പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലക്കാബാവാ കാലയവനികയ്ക്ക് അപ്പുറത്തേക്ക് മൗനമായി നടന്നകന്നിരിക്കുന്നു. അനീതിയ്ക്കെതിരെ, അടിമത്വത്തിനെതിരെ, രാഷ്ട്രീയ നപുംസകലങ്ങൾക്കെതിരെ സന്ധിയില്ലാതെ സമരം ചെയ്ത് പ. സഭയുടെ അസ്തിത്വത്തിന് അടിസ്ഥാനമുറപ്പിച്ച ആ ധീരനായകൻ ഇനി നമ്മോടുകൂടെ ഇല്ലാ എന്ന വേദന മലങ്കര സഭാമക്കൾ കണ്ണുനീരോടുകൂടെ തിരിച്ചറിയുന്ന സമയമാണിത്. മലങ്കര സഭാമക്കൾ നസ്രാണി പൗരുഷത്വത്തിന്റെ ആത്മാഭിമാനം നെഞ്ചിലേറ്റി ആഘോഷിച്ച ഒരു ദശാബ്ദമായിരുന്നു പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവായോടൊപ്പം സഞ്ചരിച്ച കാലഘട്ടം. നസ്രാണി പൗരുഷത്വത്തിന്റെ പൊരുൾ മലങ്കര മക്കൾക്ക് വ്യാഖ്യാനിച്ച് പഠിപ്പിച്ച കാലഘട്ടമായിരുന്നു അത്. ആരുടേയും മുമ്പിൽ തലകുനിക്കേണ്ടി വരാത്ത കറതീർന്ന വ്യക്തിത്വം; നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പ്രവാചക വീര്യത്തോടെ മുന്നേറുവാനുള്ള തന്റേടം; പരിഹസിക്കുന്നവരോടുപോലും പരിഭവമില്ലാതെ പുഞ്ചിരിക്കുവാനുള്ള ഹൃദയവിശാലത; ആക്രമിക്കുവാൻ വരുന്നവരെ അഹിംസയിലൂടെ നേരിടുവാനുള്ള ഗാന്ധിയൻ സമരവീര്യം ഇതെല്ലാം നസ്രാണിയുടെ മാത്രം സ്വന്തമാണെന്ന് ആ പിതാവ് നമ്മെ പഠിപ്പിച്ചു. ഇത് മലങ്കര സഭാമക്കളുടെ പൗരുഷമായി മറ്റുള്ളവർ തിരിച്ചറിയണം എന്ന് ആ പിതാവ് ആഗ്രഹിക്കുകയും, തന്റെ വ്യക്തിജീവിതത്തിലൂടെ അത് സമൂഹത്തിന് താൻ കാഴ്ചവെയ്ക്കുകയും ചെയ്തു. തന്റെ ജീവിതം മുഴുവനും ആ പൗരുഷത്തിന്റെ വ്യാഖ്യാനമായാണ് നാം തിരിച്ചറിയേണ്ടത്. പ. പിതാവിന്റെ വേർപാടിലൂടെ മലങ്കരസഭയ്ക്ക് നഷ്ടമായിരിക്കുന്നത് ഒരു കാതോലിക്കായേയോ, മലങ്കര മെത്രാപ്പോലീത്തായേയോ മാത്രമല്ല, സ്നേഹനിധിയായ പിതാവിനേയും, ആത്മവീര്യമുള്ള സംഘനേതാവിനേയും, സൂര്യശോഭയുള്ള ആത്മീയ ഗുരുവിനേയും, വ്യക്തിബന്ധങ്ങളെ ഇഴമുറിയ്ക്കാതെ നെയ്തുചേർത്ത ആത്മബന്ധങ്ങളുടെ കാവൽകാരനേയും ആണ്. നഷ്ടങ്ങളുടെ മഹാഗർത്തത്തിൽ നിന്ന് ഉയിർത്തു വരുവാൻ പരിശുദ്ധ പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥത മലങ്കര സഭയ്ക്ക് സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ. ബാവാതിരുമേനിയെ അനുസ്മരിക്കുമ്പോൾ മനസ്സിൽ നിന്ന് മായാതെ നിൽക്കുന്ന രണ്ടു മൂന്ന് സന്ദർഭങ്ങൾ അനുസ്മരിക്കട്ടെ.

1998 ജൂൺ മാസത്തിലെ ഒരു വ്യാഴാഴ്ച ഞാൻ ഹൈദരാബാദിലേക്ക് പോകുവാൻ എറണാകുളം റെയിൽവേസ്റ്റേഷനിൽ നിൽക്കുകയാണ്. പെട്ടെന്ന് പ്ലാറ്റ്ഫോമിന്റെ വടക്കേയറ്റത്തുനിന്നും കടുംചുവപ്പു കുപ്പായമണിഞ്ഞ ഒരു മെത്രാപ്പോലീത്താ നടന്നുവരുന്നു. നല്ല ദൂരത്തിലായതിനാൽ ആദ്യം ആളെ മനസ്സിലായില്ല എങ്കിലും അല്പം കഴിഞ്ഞപ്പോൾ അത് പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി ആണെന്നും ബോദ്ധ്യമായി. ഞാൻ അങ്ങോട്ടു നടന്നടുത്തു ചെന്ന് കൈമുത്തി. തിരുമേനി ഭദ്രാസന ഭരണസംബന്ധമായ ചില കേസുകൾ എറണാകുളത്തുള്ള ഒരു വക്കീലുമായി സംസാരിക്കാൻ പോവുകയാണെന്നും, എന്നെ കണ്ടതുകൊണ്ട് മുന്നോട്ടു വന്നതാണെന്നും പറഞ്ഞു. എന്റെ യാത്രയുടെ ഉദ്ദേശ്യവും, വ്യക്തിപരമായ വിശേഷങ്ങളും എല്ലാം അന്വേഷിച്ച ശേഷം അദ്ദേഹം തിരികെ നടന്ന് ഓവർ ബ്രിഡ്ജ് കയറി മറുഭാഗത്തേക്ക് പോകുകയും ചെയ്തു. എന്റെ മനസ്സിൽ ഒരിക്കലും മായാതെ തെളിഞ്ഞു നിൽക്കുന്ന ഒരു കൂടിക്കാഴ്ചയാണ് അത്. കാരണം 1983-84 കാലഘട്ടത്തിൽ തിരുമേനി മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനും സ്ഥാനാഭിഷേകം ലഭിക്കുന്നതിനുമിടയിൽ രണ്ടുമൂന്ന് തവണ ഞങ്ങൾ തമ്മിൽ ദേവലോകം അരമനയിൽ വച്ചു പരിചയപ്പെട്ടിട്ടുണ്ട് എന്നതിനപ്പുറം ഞങ്ങൾക്ക് തമ്മിൽ വലിയ ബന്ധങ്ങൾ ഉണ്ടായിരുന്നില്ല. ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ എഡിറ്ററായി ഞാൻ ദേവലോകത്തും അക്കാലയളവിൽ താമസിക്കുന്നുണ്ടായിരുന്നു. വട്ടക്കുന്നേൽ ബാവായുടെ പ്രത്യേക താല്പര്യപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ആൾ ആയതിനാൽ ഞങ്ങൾ ദേവലോകത്തുള്ളവർക്കെല്ലാം പൗലൂസ് അച്ചനോട് ഒരു പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. അദ്ദേഹം ദേവലോകത്ത് വരുമ്പോഴെല്ലാം അദ്ദേഹത്തെ പരിചയപ്പെടുവാനും, സൗഹൃദം സ്ഥാപിക്കുവാനും എല്ലാവരും അടുത്തുകൂടുമായിരുന്നു. എന്നാൽ അന്ന് ദേവലോകത്തുണ്ടായിരുന്നതിൽ താരതമ്യേന ജൂനിയർ ശെമ്മാശനായിരുന്ന ഞാൻ, സീനിയേഴ്സിന്റെ എല്ലാം ഊഴം കഴിഞ്ഞ് ഒരു ചിരിയിലോ, കൈമുത്തിലോ ഒക്കെ മാത്രം സൗഹൃദം ലഭിച്ചിരുന്ന വളരെ അപ്രസക്തനായ ഒരു വ്യക്തിയായിരുന്നു. ഒരു നല്ല മുഖപരിചയം എന്നതിനപ്പുറം യാതൊരു പ്രസക്തിയുമുള്ള ബന്ധം ഞങ്ങൾക്ക് തമ്മിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം മെത്രാപ്പോലീത്താ ആയി കുന്നംകുളത്തേക്ക് പോയതിനുശേഷം ഞങ്ങൾക്ക് തമ്മിൽ ഒരിക്കലും കാണുവാൻ അവസരവും ലഭിച്ചിട്ടില്ല. നീണ്ട 14 വർഷങ്ങൾക്ക് ശേഷം എറണാകുളം റെയിൽവേ സ്റ്റേഷനിലെ തിരക്കേറിയ യാത്രക്കാരുടെ കൂട്ടത്തിൽ നിൽക്കുന്ന മലങ്കരസഭയിലെ തികച്ചും സാധാരണക്കാരനായ ഒരു വൈദികനെ വളരെ വിദൂരതയിൽ നിന്ന് തിരിച്ചറിഞ്ഞ് നടന്നടുത്തുവന്ന് കുശലാന്വേഷണം നടത്തി, അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളുടെ ബൃഹത്തായ ഹാജർ പുസ്തകത്തിൽ എന്റെ കൈയൊപ്പു രേഖപ്പെടുത്തി മടങ്ങി എന്നത് എന്നെ മാത്രമല്ലാ, ഇത് വായിക്കുന്ന നിങ്ങളേയും അത്ഭുതസ്തബ്ധരാക്കും എന്നതിൽ രണ്ടുപക്ഷമില്ല. വ്യക്തിബന്ധങ്ങൾ ഇഴമുറിയാതെ കാത്തുസൂക്ഷിക്കുവാൻ, വർഷങ്ങൾ പഴക്കമുള്ളതായാലും യാതൊരു മങ്ങലുമില്ലാതെ പരിരക്ഷിക്കുവാൻ പാകത്തിനുള്ള ആ ഹൃദയത്തിന്റെ വിശാലമായ അപാരത തൊഴുകൈകളോടെ അംഗീകരിക്കേണ്ട സവിശേഷതയാണ്.



കൂടാതെ ആരേയും കൂസാതെ, മറ്റുള്ളവർ എന്തു പറയും എന്ന ആശങ്ക

ഇല്ലാതെ നല്ല തിരക്കേറിയ റെയിൽവേ സ്റ്റേഷനിലൂടെ, കൈയിൽ ഒരുകെട്ടു ഫയലുമായി ശെമ്മാശന്മാരോ, അസിസ്റ്റന്റുമാരോ ആരും കൂടെ ഇല്ലാതെ ഒറ്റയ്ക്ക് നീങ്ങുന്ന ആ പിതാവ് നല്കുന്ന വലിയ സന്ദേശം കർമ്മപഥങ്ങളിൽ ആരേയും ആശ്രയിച്ചു നിന്ന് സമയം പാഴാക്കാതെ ഉത്തരവാദിത്തങ്ങൾ കൃത്യമായും, സമയബന്ധിതമായും പൂർത്തിയാക്കണം എന്നതാണ്. തന്റെ ജീവിതം മുഴുവൻ ഈ തത്വം അദ്ദേഹം പാലിച്ചിരുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവന്ന സന്ദർഭങ്ങളും, ഒറ്റപ്പെടലുകൾ നേരിടേണ്ടിവന്ന സന്ദർഭങ്ങളും അനവധിയായി അദ്ദേഹത്തിന്റെ ജീവിതയാത്രയിൽ നേരിട്ടെങ്കിലും അവിടെയെങ്ങും അടിപതറാതെ മുന്നോട്ടു വെച്ചകാൽ മുന്നോട്ടല്ലാതെ അദ്ദേഹം പുറകോട്ടു വലിച്ചിട്ടില്ല. അതായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകത. സമയബന്ധിതമായി ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ച കണിശത, ആ കാലഘട്ടത്തിന്റെ ചരിത്രത്താളുകളിലൂടെ സഞ്ചരിക്കുന്നവർക്ക് ബോദ്ധ്യപ്പെടുന്ന വസ്തുതയാണ്.

രണ്ടാമത്, അദ്ദേഹത്തിന്റെ ജീവിതം എന്നെ വിസ്മയിപ്പിച്ച സംഭവം, ബ്രഹ്മവാറിലേക്ക് ഞാൻ പോയപ്പോൾ അദ്ദേഹം നല്കിയ അകമഴിഞ്ഞ പിന്തുണയും, ആത്മാർത്ഥമായ സ്നേഹവാത്സല്യങ്ങളുമാണ്. 2014 ഓഗസ്റ്റ് മാസത്തിൽ ബ്രഹ്മവാർ സമൂഹത്തിന് പുറത്തുനിന്നുള്ള ഒരു വൈദികൻ അവിടെ വികാരിയായി നിയമിക്കപ്പെടണം എന്ന നിർദ്ദേശം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഉണ്ടായപ്പോൾ ഏലിയാസ് തിരുമേനിയും ദീസയ്കോറോസ് തിരുമേനിയും കൂടി ആലോചിച്ച് എന്റെ പേർ പ. ബാവാ തിരുമേനിയോടു പറയുകയുണ്ടായി. പ. ബാവാ തിരുമേനി എന്നെ വിളിപ്പിച്ചു, സമ്മതം ചോദിച്ചു. മോശ ദൈവത്തോടു ഒഴിവുകഴിവുകൾ പറഞ്ഞതുപോലെ, പ്രധാനമായി അവിടുത്തെ ഭാഷയുടെ പ്രശ്നം തന്നെ പറഞ്ഞ് ഞാൻ ഒഴിയാൻ നോക്കി. പക്ഷേ തിരുമേനി തീരുമാനത്തിൽ നിന്ന് മാറാതെ ഉറച്ചുതന്നെ നിന്നു. "അച്ചൻ ഒരു മൂന്നു മാസത്തേക്ക് പരീക്ഷണാർത്ഥം അവിടേക്ക് പോവുക. അവിടെ പ്രശ്നം ഉണ്ടാക്കുന്നവരുടെ എല്ലാം പേരുകൾ ഒന്നുപോലും വിടാതെ ത്രോണോസിൽ വച്ച് വി. കുർബ്ബാനയിൽ ഓർക്കുക. അതുകഴിഞ്ഞ് എന്നെ വന്നു കാണുക" എന്നു പറഞ്ഞു. തലയിൽ സ്ലീബാ വച്ച് പ്രാർത്ഥിച്ച് അയച്ചു. ഞാൻ 2014 ഒക്ടോബർ 1-ാം തീയതി അവിടെ ചാർജ്ജ് എടുത്തു. തിരുമേനി പറഞ്ഞതുപോലെ സംഭവിച്ചു. ആദ്യത്തെ മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ മുതൽ അവിടെ അദ്ഭുതങ്ങൾ അരങ്ങേറുകയായിരുന്നു. പ്രശ്നകലുഷിതമായിരുന്ന ആ സമൂഹത്തിൽ തെളിഞ്ഞ ശാന്തത ഉയരങ്ങളിലെ ദൈവം നല്കി. എനിക്ക് അല്പം പോലും പരിചിതമല്ലാത്ത അവിടുത്തെ കൊങ്ങിണി ഭാഷയും എന്റെ ഭാഷയും പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറക്കി ഒന്നാക്കിത്തന്നു. ഞാൻ കൃത്യമായ ഇടവേളകളിൽ അവിടുത്തെ വിശേഷങ്ങൾ തിരുമേനിയെ ധരിപ്പിച്ചു. തിരുമേനി നല്കുന്ന നിർദ്ദേശങ്ങൾ ഇടവക ജനങ്ങളെ അറിയിച്ചു. മലങ്കരസഭയുടെ പ്രധാന അദ്ധ്യക്ഷൻ ഞങ്ങളെ അറിയുന്നു, ഞങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നു എന്ന ബോദ്ധ്യം തന്നെ ആ സമൂഹത്തിൽ വളരെ വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു. മലങ്കരസഭയുടെ മുഖ്യധാരയുമായി കൊങ്ങിണി സമൂഹത്തെ കൂട്ടിയിണക്കുന്നതിൽ പ. ബാവാ തിരുമേനി നല്കിയ ആത്മാർത്ഥമായ കൈത്താങ്ങൾ അവിസ്മരണീയമായിരുന്നു. അതിന്റെ ഭാഗമായി, ബ്രഹ്മവാർ സമൂഹത്തെക്കുറിച്ചും, അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും അച്ചൻ നേരിട്ടു സുന്നഹദോസിൽ വന്ന് നിർദ്ദേശങ്ങൾ അവതരിപ്പിക്കണം. അതിന്റെ കോപ്പി എല്ലാ തിരുമേനിമാർക്കും നല്കണം എന്നാവശ്യപ്പെടുകയുണ്ടായി. അത് ഭദ്രാസന മെത്രാപ്പോലീത്താ ചെയ്താൽ പോരേ എന്ന് ഞാൻ ഓഫീസ് വഴി തിരക്കിയപ്പോൾ "പോരാ അച്ചൻ നേരിട്ടു വന്ന് അവതരിപ്പിക്കണം, സുന്നഹദോസ് അജണ്ടയിൽ അപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു" എന്നു പറയുകയുണ്ടായി. 2015-ലെ ജൂലൈ സുന്നഹദോസിൽ ഞാൻ നേരിട്ടെത്തി വളരെ വിശദമായി വിഷയം അവതരിപ്പിക്കുവാനും, ചർച്ച ചെയ്യുവാനും സമയം അനുവദിച്ചു. സുന്നഹദോസിൽ ഉണ്ടായിരുന്ന എല്ലാ തിരുമേനിമാർക്കും ആ സമൂഹത്തെക്കുറിച്ച് വളരെ വലിയ ഒരു അവബോധം സൃഷ്ടിക്കുവാനും, ആത്മബന്ധം ഉണ്ടാക്കുവാനും ഈ നടപടി സഹായിച്ചു. ചില തിരുമേനിമാർ കൊങ്ങിണി കുർബ്ബാന പഠിച്ച് ചൊല്ലുവാനുള്ള ശ്രമം അക്കാലത്ത് ആരംഭിച്ചത് ഞാനോർക്കുന്നു. തുടർന്ന് പല തിരുമേനിമാരും അവിടെ സന്ദർശനം നടത്തി ആ സമൂഹത്തിനും ആത്മവീര്യം പകർന്നത് വലിയ ഊർജ്ജമായിരുന്നു.

ഇവയ്ക്കെല്ലാമുപരി 125 വർഷത്തെ ബ്രഹ്മവാർ സമൂഹത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായി മലങ്കരയുടെ കാതോലിക്കാ ബാവാ അവരെ സന്ദർശിക്കുവാൻ സന്മനസ്സു കാട്ടി അവിടേക്ക് എഴുന്നെള്ളി അവരെ അനുഗ്രഹിച്ചു. 2015 ഡിസംബർ 4, 5, 6 തീയതികൾ ബ്രഹ്മവാർ സമൂഹത്തിന് ഉത്സവദിവസങ്ങൾ ആയിരുന്നു. മംഗലാപുരം മുതൽ ഗോവ വരെയുള്ള പ്രദേശവാസികൾ ഒറ്റക്കെട്ടായി ബാവായെ സ്വീകരിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിതറിക്കിടന്ന കൊങ്ങിണി സഹോദരങ്ങൾ പ. ബാവായുടെ സ്വീകരണ പരിപാടികളിൽ പങ്കെടുക്കുവാൻ ബ്രഹ്മവാറിൽ എത്തിച്ചേർന്നു. ആ മേഖലയിലുള്ള ചെറുതും വലുതുമായ എല്ലാ ദേവാലയങ്ങളും അദ്ദേഹം സന്ദർശിച്ചു. വലിപ്പ ചെറുപ്പമില്ലാതെ എല്ലാവരേയും തോളിൽ തട്ടി കുശലം ചോദിച്ചു. അവരോടൊപ്പം അവർ ഒരുക്കിയ ചെറിയ താമസ സൗകര്യത്തിൽ മൂന്നുദിവസം പള്ളിയിൽ തന്നെ താമസിച്ചു. കോട്ടയത്തു നിന്ന് ഉടുപ്പിയിലേക്കും, അവിടെനിന്ന് തിരിച്ചും ട്രെയിനിൽ സഞ്ചരിച്ചു. നമ്മുടെ കർത്താവിനെപ്പോലെ അദ്ദേഹം ലാളിത്യത്തിന്റേയും എളിമയുടേയും വലിയ പ്രതിരൂപമായി ജനഹൃദയങ്ങൾ കീഴടക്കിയ സന്ദർശനമായിരുന്നു അത്. ഈ സന്ദർശനവേളയിൽ ആ സമൂഹത്തിന്റെ ശില്പികളും അടിസ്ഥാനശിലകളുമായിരുന്ന ഭാഗ്യസ്മരണാർഹനായ അൽവാറീസ് തിരുമേനിയേയും, നൊറോണാ പിതാവിനേയും പ്രാദേശിക വിശുദ്ധന്മാരായി അദ്ദേഹം പ്രഖ്യാപിച്ചു. ഇത് അവരുടെ ചിരകാലാഭിലാഷവും ആവശ്യവുമായിരുന്നു. വിശുദ്ധന്മാരെ പ്രഖ്യാപിക്കുവാനുള്ള നടപടിക്രമങ്ങളുടെ നൂലാമാലക്കുരുക്കിൽ വർഷങ്ങളായി കുരുങ്ങിക്കിടന്ന ആ വിഷയം അദ്ദേഹം നിസാരമായി പരിഹരിച്ചു. കൊങ്ങിണി സമൂഹത്തിന്റെ വിശുദ്ധന്മാരായി ആ രണ്ടു പിതാക്കന്മാരെ പ്രഖ്യാപിക്കയും, പുതുതായി ബ്രഹ്മവാറിൽ പടുത്തുയർത്തിയ ദേവാലയത്തിലെ രണ്ടു ത്രോണോസുകൾ ഈ വിശുദ്ധന്മാരുടെ നാമത്തിൽ പ്രതിഷ്ഠിക്കുവാൻ അനുവാദം നല്കുകയും ചെയ്തു. ശരിയെന്നും ആവശ്യം എന്നും തോന്നുന്ന വിഷയങ്ങൾ നടപ്പിലാക്കുവാൻ നിയമത്തിന്റെ നൂലാമാലകൾ തടസ്സമാകരുത് എന്ന അദ്ദേഹത്തിന്റെ തന്റേടമാർന്ന വ്യക്തിത്വത്തിന്റെ ദൃഢനിശ്ചയം നമുക്ക് ഇവിടെ കാണാം.

2018 ജനുവരിയിൽ പുതുക്കിപ്പണിത ബ്രഹ്മവാർ കത്തീഡ്രലിന്റെ കൂദാശയിൽ മുഖ്യ കാർമ്മികത്വം വഹിക്കുവാൻ വീണ്ടും അദ്ദേഹം എഴുന്നെള്ളി. കർണ്ണാടക സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയടക്കം അനേക രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കൾ അദ്ദേഹത്തെ സ്വീകരിച്ചു. ബാഹ്യകേരളത്തിലെ എല്ലാ മെത്രാപ്പോലീത്തന്മാരും അദ്ദേഹത്തോടൊപ്പം എത്തിച്ചേർന്നു. ഭാഷയുടെ വേലിക്കെട്ടുകൾ സ്നേഹബന്ധത്തിന് പ്രതിബന്ധമല്ലാ എന്ന് തെളിയിച്ചുകൊണ്ടാണ് പ. ബാവായുടെ രണ്ടു സന്ദർശനങ്ങളും നടന്നത്. ഞാൻ അവിടെ ആയിരുന്ന നാലുവർഷത്തിനുള്ളിൽ പ. ബാവായ്ക്ക് ആ പ്രദേശം സ്വന്തം തറവാട് ഭൂമിപോലെ ആയി. അവർക്ക് പ. ബാവാ വളരെയേറെ പ്രാപ്യനായി. പിന്നീടുള്ള അവരുടെ പല ആവശ്യങ്ങളിലും ബാവാ അവിടെ ഓടി എത്തി അവരെ സഹായിച്ചു.

വളരെ പ്രതിസന്ധി നിറഞ്ഞ ഒരു സന്ദർഭത്തിൽ എന്നെ ബ്രഹ്മവാറിലേക്ക് അയച്ചിട്ട് അദ്ദേഹം സഭയുടെ മറ്റു വിഷയങ്ങളിൽ വ്യാപൃതനായി എന്നെ വിസ്മരിക്കയില്ല ചെയ്തത് എന്നോടൊപ്പം കൂടെ ഉണ്ട് എന്ന് എന്നേയും, അവിടെ ഉള്ള ജനങ്ങളേയും ബോദ്ധ്യപ്പെടുത്തി ഞങ്ങളോടൊപ്പം സഞ്ചരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള വൈവിദ്ധ്യമാർന്ന പ്രശ്നങ്ങളെ ഒരുപോലെ ഒരേസമയം എല്ലാവർക്കും തൃപ്തി നല്കുന്ന വിധം കൈകാര്യം ചെയ്യുക എന്നത് അനിതരസാധാരണമായ വ്യക്തിത്വമുള്ളവർക്ക് മാത്രമേ കഴികയുള്ളു അതായിരുന്നു പരിശുദ്ധ ബാവാ.

മൂന്നാമത് അദ്ദേഹത്തിൽ കണ്ട മറ്റൊരു സവിശേഷത കൂടി സൂചിപ്പിച്ചു ഈ അനുസ്മരണം പൂർത്തീകരിക്കാം. മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അദ്ദേഹം അവരോധിതനായ നാൾമുതൽ കടുംചുവപ്പാർന്ന കുപ്പായമല്ലാതെ മറ്റു നിറങ്ങളിലേക്ക് വേഷം മാറ്റുവാൻ ശ്രമിച്ചിരുന്നില്ല എന്നത് വളരെ ശ്രദ്ധേയമായി തോന്നിയിട്ടുണ്ട്. റോസും, പിങ്കും, കാവിയുമൊക്കെ മറ്റു തിരുമേനിമാർ മാറിമാറി പരീക്ഷിക്കാറുണ്ടെങ്കിലും ബാവാ തിരുമേനി അക്കാര്യത്തിൽ മാറ്റമില്ലാത്തവനായിരുന്നു. അദ്ദേഹത്തിന്റെ ആന്തരീക സ്വഭാവത്തിലെ മാറ്റമില്ലായ്മപോലെ തന്നെ ബാഹ്യഭാവത്തിലും മാറ്റമില്ലാത്ത പ്രകൃതക്കാരനായിരുന്നു. പീലാത്തോസിന്റെ അരമനയിലെ വിസ്താരത്തിനുശേഷം പടയാളികൾ നമ്മുടെ കർത്താവിനെ അണിയിച്ച പരിഹാസവസ്ത്രം ആയിരുന്നു ചുവന്ന മേലങ്കി (മത്തായി 27:28). തലയിൽ മുൾകിരീടവും, കൈയിൽ കോലും കൊടുത്തു "യഹൂദന്മാരുടെ രാജാവേ ജയ ജയ" എന്നവർ അട്ടഹാസം മുഴക്കി എന്ന് നമ്മൾ വായിക്കുന്നുണ്ടല്ലോ. യഥാർത്ഥത്തിൽ രാജാധിരാജാവായ

കർത്താവിന്റെ രാജത്വത്തിന്റെ അടയാളമായിരുന്നു ചുവപ്പു മേലങ്കി എങ്കിലും വിഡ്ഢികളായ മനുഷ്യർ അത് തിരിച്ചറിയാതെ അവനെ അപഹസിച്ചു. നമ്മുടെ കർത്താവിന്റെ ഈ പരിഹാസവസ്ത്രം തന്റെ രാജകീയ വസ്ത്രമായി തിരിച്ചറിഞ്ഞ പ. പിതാവ് ആ വസ്ത്രത്തിൽ തന്നെ തന്റെ ജീവിതകാലം മുഴുവൻ കാണപ്പെട്ടു. അത് മാറി പരീക്ഷിക്കുവാൻ തയ്യാറായില്ല. നസ്രാണി പൗരുഷം വാക്കിലും, പ്രവൃത്തിയിലും, വേഷത്തിലും എല്ലാം പിൻതുടരുവാൻ അദ്ദേഹം കാർക്കശ്യം കാട്ടി. ഒരു ക്രിസ്ത്യാനി ക്രിസ്തീയ പൗരുഷം ഉള്ളവൻ ആയിരിക്കണം എന്നതിനേക്കാൾ കൂടുതൽ നസ്രാണി പൗരുഷം ഉള്ളവൻ ആയിരിക്കണം എന്നു പറയുവാനാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടത്. ആ വാക്ക് അദ്ദേഹം ആവർത്തിച്ച് പറയുകയും ചെയ്തിരുന്നു. കാരണം നസറായൻ നസറേത്തിൽ നിന്നുള്ളവനാണ്. നസറേത്ത് ഒരു ഗ്രാമമാണ്. ആ വാക്കിൽ ഗ്രാമത്തിന്റെ നിഷ്കളങ്കതയും, നിർമ്മലതയും ലയിച്ചുചേർന്നിട്ടുള്ളതുകൊണ്ടാകണം തിരുമേനി ആ വാക്ക് കൂടുതൽ ഇഷ്ടപ്പെട്ടത് എന്ന് കരുതുന്നതാവാം കൂടുതൽ ശരി. പട്ടണത്തിന്റേയും, പരിഷ്കൃതിയുടേയും പൊയ്മുഖങ്ങളില്ലാതെ ഈ അത്യാധുനിക സൈബർ യുഗത്തിലും ഗ്രാമീണതയുടെ നിഷ്കളങ്കതയോടെ വ്യക്തിത്വത്തിൽ കറപുരളാതെ എങ്ങനെ ഒരു സമൂഹത്തെ ഹൃദയത്തോടു ചേർത്തു പിടിച്ച് ദൈവരാജ്യത്തിലേക്കുള്ള വഴികാണിച്ചു കൊടുക്കാം എന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ആ സ്നേഹസാഗരത്തിനു മുമ്പിൽ തൊഴുകൈകളോടെ പ്രണാമം.

❑

മാനിക്കാനായ് മനമുരകുന്നേ

സജി എബ്രഹാം



മലങ്കരയാമുദ്യാനത്തിലെ
ശോഭിതമാം പനിനീർപൂവെ
കാതോലിക്ക പുണ്യ പിതാവെ
ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ

താതൻ ഒരുനാൾ ദൂതനയച്ചീ
ശോഭിതപുഷ്പം മുറിച്ചെടുത്തത്
രോദനഹൃത്താൽ കേട്ടീയിടവക
മാനിക്കാനായ് മനമുരകുന്നേ

ദുഖിതരുടെ കണ്ണീരൊപ്പിയ
ദുസ്ഥിതി മാറ്റാൻ വീറൊടു പൊരുതിയ
പുണ്യാത്മാവിൻ ദേഹവിയോഗം
രോദനഹൃത്താൽ കേട്ടീയിടവക
മാനിക്കാനായ് മനമുരകുന്നേ

വ്യവഹാരത്തിൻ പീഢയതിൽ നിന്നേകീ
മോചനം സഭമക്കൾക്കീ
പുണ്യാത്മാവിൻ ദേഹവിയോഗം
രോദനഹൃത്താൽ കേട്ടീയിടവക
മാനിക്കാനായ് മനമുരകുന്നേ

രാജാവെങ്കിലുമശരണനെപ്പോൽ
താതന്നിഷ്ടം വർത്തിച്ചവനാം
പുണ്യാത്മാവിൻ ദേഹവിയോഗം
രോദനഹൃത്താൽ കേട്ടീയിടവക
മാനിക്കാനായ് മനമുരകുന്നേ

ആശ്രയമേകീ ശരണവിഹീനർക്കാ
ശ്വാസത്താൽ പീഡിതരേ യീ
പുണ്യാത്മാവിൻ ദേഹവിയോഗം
രോദനഹൃത്താൽ കേട്ടീയിടവക
മാനിക്കാനായ് മനമുരകുന്നേ

താതൻ സന്നിധി ചേർന്നൊരു നിന്നുടെ
തൃപ്പാദങ്ങളിലർപ്പിക്കുന്നു
പുഷ്പാശ്രുക്കൾ നൈവേദ്യം പോൽ
ഓർക്കുകയെങ്ങളെ താതന്നരികിൽ

PROUD TO BE A TEACHER - 1

Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur & Principal, MGM College, Dimapur, Nagaland)

Education's sole purpose is to make an individual perfect. Education is the panacea for all ills, so every society places a high value on education. Individuals can solve many of the problems of their lives with the help of education. Mentors play an important role in the lives of every student. Therefore, being a teacher should make you feel proud.

According to Gandhiji, education is for the development of the whole person: body, mind, and soul. Education, as he sees it, is for the holistic development of an individual. The border Eastern way of life can be described in this way. The wholeness of a person is the harmonious development of all their potentialities. Every individual is born with incredible potential. In another sense, education helps an individual tap into these innate abilities.

Holistic education helps an individual develop their physical, mental, spiritual and social faculties harmoniously. It is vitally important to grow in these four dimensions in order to serve the welfare of the whole world.

The following is what Helen Caldicott mentions**: "Teachers, I believe, are the most responsible and important members of society because their professional efforts affect the fate of the earth."**

Nowadays, education largely consists of climbing the success ladder. Success cannot be measured solely in terms of monetary gains. The success of every individual depends on the combination of knowledge, experience, and values with sensible education.

The education sector is seeing more corporate investment. The goal is to get more profit from the investment. This is contrary to the ancient practice of Indian education. In ancient times, education was envisioned as a process for fostering socially responsible citizens and not simply for personal prosperity.

Through a proper education, every individual may discover new horizons within their mind, body, and spirit. The success of society depends on the ability of every individual to adapt, modify, accommodate, and contribute. To use the knowledge properly, one should not argue with one's own impulses, creativity, responses and prejudices. The possibilities in life are endless. When it is used properly, prosperity and good will ensue.



❑

“He who opens a school door, closes a prison.”

- Victor Hugo

Author- Victor Hugo was a poet, novelist, and playwright of the French Romantic Movement.

Hugo is revered as one of the most eminent and popular authors of all time.

Although he is mostly remembered for his literary creations such as poetry and novels, he has also been a politician and a human rights activist.

Every individual has the right to education. A holistic education allows each person to discover their skills and talents.

In addition to reducing daily challenges and creating opportunities for all, it also enlightens our minds by pointing the way and opening up new perceptions about the world.

The quest for knowledge is ushered in by educators who open minds to possibilities.

G.K. Chesterton said it right, “Education is simply the soul of a society as it passes from one generation to another.”

A person's education augments their knowledge beyond what they could gain on their own, enabling them to build a nation.

A lack of education binds one to ignorance and robs them of their freedom. Yet it can be stated, in order to cure criminal minds, education is not enough.

There are few who make the conscious choice to remain ignorant by holding on to a belief despite scientific evidence that it can suppress an individual's ability to discover the truth and grow as a person.

During the times of pandemic, infection levels differ considerably across countries. Over 1.2 billion children living in 186 countries are impacted by school closures during the pandemic .

As outlined in the United Nations' policy brief (2020), the pandemic has adversely affected education, nearly 24 million children might not be able to return to school next year.

The closure of schools and emancipation of disadvantaged individuals will erode a society's resilience.

In addition, many barriers to teaching and learning in the rural and urban setting include lack of access to technology, threat of disease, distance learning, and inconvenience for parents’students and teachers.

Change is imperative. Despite this, it remains a distant dream for many young minds around the world to gain access to knowledge and disseminate it.

What sort of social progress will we achieve if only certain segments of society progress and if we do not assist those who need it?

Mrs. Nimmi Varghese
Asst.Teacher
MGMHSS,Dimapur



മുഖം മൂടി
(The Mask)

Dr Biju John.C
Additional Professor
RIO, Trivandrum


(മുഖങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞ കോവിഡ് മാസ്കും, ആ മാസ്കിനാൽ മറയ്ക്കപ്പെടുന്ന മുഖവും, മനസ്സും തമ്മിലുള്ള ഒരു സംവാദം)

മുഖം :

മനസ്സിന്റെ കണ്ണാടിയാണ് ഞാൻ
മനുഷ്യന്റെ അഭിമാനമാണ് ഞാൻ
അശുവാം, അംശുകഖണ്ഡമേ ചൊല്ല്
ആരു നീ എന്റെ മേൽ അടയിരിക്കാൻ
ആരു നീയെൻ വെളിച്ചം കെടുത്താൻ

മാസ്ക് :

ഹേ ഗർവിഷ്ഠ വദനമേ നിൻ
വമ്പിൻ ദിനങ്ങൾ കഴിഞ്ഞു പോയി
നിൻ ചലനങ്ങൾക്കു കടിഞ്ഞാണിടാൻ
നിൻ വ്യർത്ഥ കാന്തിക്കു മറയിടാൻ
നിയതി ചമച്ചതാണെന്നെയിന്നിങ്ങനെ



മുഖം :

സൂര്യ തേജസ്സിനു മറയിടാൻ മാത്രം
സോമ ബിംബം വളർന്നു വെന്നോ
കേവലമൊരു വസന ശകലം നീ
വദന സൂര്യനു വരൂഥം തീർക്കുന്നോ.
ഹേ നിഷ്കിയ മനസ്സേ നിദ്ര വെടിയൂ
നിൻ ദർപ്പണത്തിനായി പ്രതികരിക്കൂ

മനസ്സ് :

ദർപ്പണമായിരുന്നോ പ്രിയ തോഴാ നീ
സത്യമായിരുന്നോ ഭവദ്ഭാവാന്തരങ്ങൾ
ദർശിച്ചതില്ലെൻ ഹൃദയ വിചാരങ്ങൾ
അല്പവും നിൻ പ്രതലത്തിലൊരിക്കലും
എൻ രാഗ ദുഃഖ ദ്വേഷങ്ങളിന്മേലൊരു

നിർവ്വികാര മുഖാവരണം തീർത്തു നീ
ഹൃദയമുരുകി ഞാൻ തേങ്ങിടുമ്പോഴും
കണ്ണു നിറയ്ക്കാതെ നിന്നു നീ നിശ്ചലം
കല്മഷമെന്നുള്ളിൽ നുരയ്ക്കുമ്പോഴും
പുഞ്ചിരി മേലാപ്പു പുതച്ചു നീ നിന്നു
ദർപ്പണമായിരുന്നില്ല സുഹൃത്തേ നീ
വെറുമൊരു പൊയ്മുഖമത്രമാത്രം
കപടവികാരങ്ങൾ നർത്തനം ചെയ്യും
കമനീയ കലാമയ രംഗവേദി
നിൻ നാട്യങ്ങൾക്കിന്നിതാ തിരശ്ശീലയായി
നിൻ രംഗപീഠമിനി വെറും അണിയറ മാത്രം

മാസ്ക് :

കാലമേറെയായില്ലേയീ കാലയാപനം
ക്ഷീണിതരാണു നിൻ പേശികൾ മുഖമേ
ക്ഷണനേരമൊന്നു നീ വിശ്രമിച്ചോളൂ
ക്ഷണനം ചെയ്യു നിൻ കപട ഭാവങ്ങളെ
സങ്കോചമെന്യേ നീ പ്രതിഫലിപ്പിക്കൂ
നിൻ തോഴനാം മനസ്സിനെ മടിക്കാതെ
കപടമീ ലോകത്തിൽ നിന്നുമാ മൃദുല
സ്നിഗ്ദ്ധ ഭാവങ്ങളെ ഞാൻ മറച്ചിടാം.

പുസ്തകം

നിഷ്കളങ്ക തേജസ് പ്രകാശനം ചെയ്തു

കോട്ടയം: പരിശുദ്ധ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ ജീവിതവും ദർശനവും ഉൾക്കൊള്ളുന്ന നിഷ്കളങ്ക തേജസ് എന്ന കൃതി കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പോലിത്ത, ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിലിനു നൽകി പ്രകാശനം ചെയ്തു.


പ. പൗലോസ് ദ്വിതീയൻ ബാവായുടെ ജീവിതത്തെ അടുത്തും അകന്നും അറിഞ്ഞവരുടെ ജീവിത സാക്ഷ്യമായ നിഷ്കളങ്ക തേജസ്സ് പ. ബാവാ തിരുമേനിയുടെ 39–ാമത് ഓർമ്മ ദിനത്തിൽ കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വെച്ചാണ് പ്രകാശനം ചെയ്തത്.

അഹമ്മദാബാദ് ഭദ്രാസനാധിപനും മാധ്യമ വിഭാഗം അദ്ധ്യക്ഷനുമായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്ത, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ ചേർന്നാണ് 344 പേജുള്ള ഈ ഗ്രന്ഥത്തിന്റെ സമ്പാദനവും സംശോധനവും നിർവ്വഹിച്ചിരിക്കുന്നത്. സഭയിലും സമൂഹത്തിലുമുള്ള 50 പ്രമുഖരുടെ ലേഖനങ്ങളാണ് സമാഹരിച്ചിരിക്കുന്നത്.

പ.ബാവ തിരുമേനിയോടൊപ്പം ദീർഘനാൾ സഞ്ചരിച്ച് സംവാദവും സംഭാഷണവും നടത്തി 2015–ൽ ജീവിതക്കാഴ്ചകൾ എന്ന ഗ്രന്ഥം രചിച്ച പ്രശസ്ത സാഹിത്യകാരനും നിരവധി അവാർഡുകളുടെ ജേതാവുമായ ബെന്യാമിനാണ് ഈ കൃതിക്ക് അവതരിക എഴുതിയിരിക്കുന്നത്. എഴുത്തിന്റെ തിരക്കുകൾക്കിടയിലും ഹൃദയ ഭാഷയിൽ ആ ജീവിതത്തിന്റ നിഷ്കളങ്കതയും പച്ചയായ കാഴ്ചകളും ബെന്യാമിൻ ആലേഖനം ചെയ്തിട്ടുണ്ട്. പൗരോഹിത്യത്തിന്റെ മേലങ്കികൾ ഒന്നുമില്ലാതെ ഒരു സാധാരണ കുന്നംകുളത്തുകാരന്റെ നിഷ്കളങ്കതയോടെ പ. ബാവാ തിരുമേനി എന്നൊട് വർത്തമാനം പറഞ്ഞു എന്ന് പ. ബാവായുടെ വിവിധ അനുസ്മരണ സമ്മേളനങ്ങളിൽ ബെന്യാമിൻ സാക്ഷിച്ചത് ശ്രദ്ധേയമാണ്.

പുസ്തകത്തിന്റെ അവതാരികയിൽ ബെന്യാമിൻ എഴുതി: 'പരിശുദ്ധ ബാവ തിരുമേനി ഇഹലോകവാസം വെടിഞ്ഞിട്ട് നാല്പത്തിയിന്ന് ദിവസങ്ങൾ പൂർത്തിയാവുമ്പോഴും മനസുകൊണ്ട് ആ വേർപാടിനെ ഉൾക്കൊള്ളാനാവാത്ത വേദനയിലാണ് ഞാനുള്ളത്. അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത ലക്ഷക്കണക്കിനു സാധാരണക്കാരെപ്പോലെ രോഗശയ്യയിൽ നിന്ന് അദ്ദേഹം ഫിനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുനേറ്റു വരും എന്ന് ഞാനും പ്രതീക്ഷിച്ചിരുന്നു, ആഗ്രഹിച്ചിരുന്നു. എന്നാൽ മനുഷ്യന്റെ ഇംഗിതങ്ങൾക്കനുസരിച്ചല്ലല്ലോ ദൈവം പ്രവർത്തിക്കുന്നത്. അവന്റെ നിശ്ചയങ്ങൾ വേറെയാണ്. അത് നമുക്ക് മനസിലായിക്കൊള്ളണം എന്നില്ല. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ സ്മരണകൾ ചേർത്തുവയ്ക്കുന്ന ഒരു ഗ്രന്ഥം പുറത്തിറക്കാൻ കഴിയുന്നത് അദ്ദേഹത്തിനു കൊടുക്കാവുന്ന ഏറ്റവും മികച്ച ഹൃദയാഞ്ജലി തന്നെയാണ്. ലോകം ആദരിക്കുന്ന ആത്മീയ ആചാര്യന്മാരുടെയും നേതാക്കളുടെയും അനുശോചന സന്ദേശങ്ങളും സ്നേഹസ്മരണങ്ങളും ജീവിത കാലത്ത് അദ്ദേഹം അഭിമുഖങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും നമുക്ക് സമ്മാനിച്ച വചനങ്ങളും ചേർത്തു വച്ച ഒരു അമൂല്യനിധിയാണ് ഈ പുസ്തകം. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്ക ബാവ ആരായിരുന്നു എന്ന് ഭാവി തലമുറ അന്വേഷിക്കുമ്പോൾ അവർക്ക് സമ്മാനിക്കാൻ പറ്റിയ ഒന്നായി ഈ പുസ്തകം മാറുന്നു. കാരണം അദ്ദേഹത്തിന്റെ സമകാലികർ, അദ്ദേഹത്തെ കണ്ടിട്ടുള്ളവർ, അദ്ദേഹത്തിന്റെ സ്നേഹം അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ചവർ എല്ലാം ഈ പുസ്തകത്തിൽ തങ്ങളുടെ ഓർമ്മയും സ്നേഹവും പങ്കുവയ്ക്കുന്നുണ്ട്. അതിലൂടെ ബാവ തിരുമേനിയുടെ സമഗ്രവശങ്ങളും പഠിക്കപ്പെടുകയും വിശദമാക്കപ്പെടുകയും ചെയ്യുന്നു.'

പ.ബാവായുടെ ജീവിത സാക്ഷ്യത്തെക്കുറിച്ച് ഒൻപതു മെത്രാപ്പോലിത്തന്മാരും 17 വൈദികരും 24 അത്മായ പ്രമുഖരും ഈ കൃതിയിൽ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി പിണറായി വിജയൻ. ഗോവ ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള, ആരോഗ്യ മന്ത്രി വിണാ ജോർജ് , വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ നടത്തിയ അനുസ്മരണ പ്രഭാഷണങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്.



ഇതിന്റെ ഉള്ളടക്കത്തിൽ പ. പോപ്പ് ഫ്രാൻസിസ് , ജോ ബൈഡൻ ഉൾപ്പെടെ ആഗോള നേതാക്കളുടെയും ദേശീയ പ്രമുഖരുടെയും അനുസ്മണങ്ങളും ഹൃദയബന്ധമുള്ളവരുടെ സ്നേഹ സ്മരണകളും ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു.

മനോരമ, മാതൃഭൂമി, ദീപിക പത്രങ്ങൾ എഴുതിയ പത്രാധിപ ലേഖനങ്ങൾ, പ.ബാവായുടെ അഭിമുഖങ്ങൾ, പ.ബാവായുടെ പ്രശസ്തമായ പ്രഭാഷണങ്ങൾ, രചനകൾ, അന്ത്യകല്പന എന്നിവയും ഇതിലെ പ്രധാന ഉള്ളടക്കമാണ്. ഈ കൃതിയിൽ മനോഹരമായ കളർ ചിത്രങ്ങൾ 16 പേജിൽ ഉൾചേർത്തിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭ മാധ്യമ വിഭാഗത്തിന്റെ ഔദ്യോഗിക ഓൺലൈൻ ബുള്ളറ്റിൻ പ.ബാവായുടെ കബറടക്കത്തോടനുബന്ധിച്ച് 2021 ജൂലൈ 12, 13, 14, 15, 17 തീയതികളിൽ പ്രസിദ്ധീകരിച്ച രചനകളാണ് ഈ കൃതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021 ജൂലൈ 12 മുതൽ ആഗസ്റ്റ് 10 വരെ ലഭിച്ച രചനകൾ മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പ. ബാവായുടെ രചനകൾ, കല്പനകൾ, പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, അനുസ്മരണങ്ങൾ എന്നിവ ഉൾപ്പെടുത്തി സമ്പൂർണ്ണവും ബ്രഹത്തുമായ ഒരു കൃതി പ്രസിദ്ധീകരിക്കുവാൻ ഇനിയും പദ്ധതി ഉണ്ട്.

ആഗോള തലത്തിൽ എക്യുമെനിക്കൽ സഭാന്തര ബന്ധങ്ങളും ആഗോള യാത്രകളും നടത്തിയ പ.ബാവ മലങ്കര സഭയുടെ സ്വത്വവും സ്വാതന്ത്ര്യവും ദേശീയതയും സംരക്ഷിച്ചു. എല്ലാ ലേഖകരും ഉറപ്പിച്ചു പറയുന്നത് പ. ബാവായുടെ നിഷ്കളങ്കതയും നൈർമ്മല്യവും ആണ്. അത് ജീവിതത്തിലും വാക്കിലും പ്രവൃത്തിയിലും പ്രതിഫലിച്ചു. മലങ്കരയുടെ നിഷ്കളങ്ക തേജസ്സായി പ. പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവ.

ഈ ഗ്രന്ഥത്തിന്റെ പ്രസാധനം നിർവ്വഹിച്ചത് അഹമ്മദാബാദ് ഭദ്രാസനത്തിലെ രാജസ്ഥാനിലുള്ള അബു റോഡിലെ ജ്യോതിസ്സ് ആശ്രമവും ജ്യോതിസ്സ് പബ്ലിക്കേഷൻസുമാണ്. പേജ്: 344 വില 250.

കോപ്പികൾ കോട്ടയം, പരുമല എന്നിവിടങ്ങളിലെ സഭാ ബുക്ക് സ്റ്റോളുകളിൽ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 9426347399

- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

വചനതീർത്ഥം

ആത്മീയ രാജ്യത്തിലെ പുതിയ വ്യവസ്ഥകൾ

(വാങ്ങിപ്പുപെരുന്നാളിനു ശേഷം ഒന്നാം ഞായർ വി. മർക്കോസ് 10:35-45)



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

ക്രിസ്തീയ ജീവിതത്തിൽ ബലഹീനതകൾ സർവ്വസാധാരണമാണ്. ശരീരികളായവരിൽ ദൈവപുത്രനായ യേശുക്രിസ്തു മാത്രമല്ലാതെ നിഷ്കളങ്കനായി മറ്റാരുമില്ല. ശിഷ്യന്മാർ, യേശുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവർ ആണെങ്കിലും, മാനുഷികമായ ബലഹീനതകൾ അവർക്കും ഉണ്ടായിരുന്നു. ആയതിന് ഒരു നല്ല ഉദാഹരണമാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം. വി. മർക്കോസ് 10:35-45.

യാക്കോബിന്റെയും യോഹന്നാന്റെയും അപേക്ഷ

യേശുക്രിസ്തുവിനോടുള്ള യാക്കോബിന്റെയും യോഹന്നാന്റെയും അപേക്ഷ, അവരുടെ മാനുഷിക ബലഹീനത വെളിവാക്കുന്നതായിരുന്നു. "നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിക്കുവാൻ വരം നൽകണം" (വാ. 37). വി. മത്തായി എഴുതിയ സുവിശേഷത്തിൽ ഇതേ ആവശ്യം സെബദിമക്കളുടെ അമ്മയെക്കൊണ്ട് ശുപാർശ ചെയ്യുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് (വി. മത്തായി 20:21).

തങ്ങളുടെ കൂട്ടുകാരും സഹോദരങ്ങളുമായ മറ്റു പത്തു ശിഷ്യന്മാരെ ഒഴിവാക്കി, തങ്ങൾക്ക് മുമ്പിൽ വരുവാനുള്ള മാനുഷിക ബലഹീനത യാക്കോബിന്റെയും യോഹന്നാന്റെയും യാചനയിൽ ഉണ്ട്. മറ്റുള്ളവർക്കില്ലാത്ത ഗുണങ്ങൾ തങ്ങൾക്കുണ്ടെന്ന ധാരണയാകാം, മറ്റുള്ളവരെക്കാൾ തങ്ങൾ മിടുക്കരാണെന്ന സ്വയം വിലയിരുത്തലാകാം, യോഗ്യതയും അർഹതയും സ്വയം നിർണ്ണയിച്ചതുകൊണ്ടാകാം, അവർ സ്വയം ഉയർത്തിക്കാണിക്കുവാൻ ശ്രമിച്ചത്. ഇത് ശിഷ്യന്മാർക്ക് ഇഷ്ടപ്പെട്ടില്ല എന്നതും ഇവിടെ കാണുന്നു വാ.41 'അത് ശേഷം പത്തു പേരും കേട്ടിട്ട് യാക്കോബിനോടും യോഹന്നാനോടും നീരസപ്പെട്ടു തുടങ്ങി.'

കൂടെ നടന്ന് കാലുവാരുന്നവർ, സുഹൃത്ബന്ധത്തിന്റെയും സഹോദരസ്നേഹത്തിന്റെയും അടിസ്ഥാനപ്രമാണത്തിന് തുരങ്കം വയ്ക്കുന്നവർ, സമാധാന അന്തരീക്ഷത്തിന് വിഘാതം സൃഷ്ടിക്കുന്നവർ എന്നെല്ലാം യാക്കോബിനെയും യോഹന്നാനെയും കുറിച്ച് മറ്റു ശിഷ്യന്മാർ വിചാരിച്ചു തുടങ്ങി. ലൗകികമോഹങ്ങൾ ഉണ്ടാകുമ്പോൾ സ്വയം ഉയർത്തിക്കാണിക്കുവാൻ ശ്രമം ഉണ്ടാകും. യെശ. 14:13,14 'ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വയ്ക്കും, ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും.'

കഷ്ടതയുടെ പാനപാത്രം

ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളിയാകുവാൻ 'ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കുവാൻ' (വാ.38) കഴിയണം എന്ന് യേശു ഉദ്ബോധിപ്പിക്കുന്നു. ക്രസ്തു കുടിക്കുന്ന പാനപാത്രം കഷ്ടതയുടേതാണ്. വി. മത്തായി 26:39 "പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്ന് കവിണ്ണുവീണ്; പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കിൽനിന്ന് നീങ്ങിപ്പോകേണമേ, എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു.'

ദൈവത്തിന്റെ ശുശ്രൂഷകർക്കും പ്രവാചകന്മാർക്കും കഷ്ടത ഉണ്ടാകുമെന്ന പ്രവചനമാണ് കർത്താവ് ഇവിടെ നൽകുന്നത്. യാക്കോബും യോഹന്നാനും യേശുവിന്റെ പാനപാത്രം കുടിക്കും എന്നു പറഞ്ഞത് അവരുടെ ജീവിതത്തിൽ അന്വർത്ഥമായി. യാക്കോബിനെ ഹെരോദേവ് വാൾകൊണ്ട് കൊന്നു (അപ്പോ. പ്ര.12:2). യോഹന്നാൻ അവന്റെ വാർദ്ധക്യത്തിൽ പത്മോസ് ദ്വീപിൽ ഏകനായി കഴിയേണ്ടിവന്നു.

ക്രിസ്തുശിഷ്യർ, കഷ്ടതകളിലൂടെയാണ് ജീവിതം നയിക്കേണ്ടത് എന്നും മഹത്വത്തിൽ പ്രവേശിക്കുവാൻ ക്രിസ്തു കുടിക്കുന്ന പാനപാത്രം കുടിക്കുകയും ക്രിസ്തു ഏൽക്കുന്ന സ്നാനം ഏൽക്കുകയും ചെയ്യണമെന്നും യേശു അസന്നിഗ്ദ്ധമായി ഇവിടെ വെളിപ്പെടുത്തുകയാണ്. വി. യോഹന്നാൻ 18:11 'യേശു പത്രോസിനോട്, വാൾ ഉറയിൽ ഇടുക, പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലോ എന്നു പറഞ്ഞു.' കഷ്ടതയിലൂടെയും കണ്ണുനീരിലൂടെയും ക്രൈസ്തവജീവിതം മുന്നേറണം. സങ്കീ. 80:5 'നീ അവർക്ക് കണ്ണുനീരിന്റെ അപ്പം തിന്നുവാൻ കൊടുത്തിരിക്കുന്നു; അനവധി കണ്ണുനീർ അവർക്ക് കുടിക്കുവാനും കൊടുത്തിരിക്കുന്നു.' പ. പൗലോസ്ശ്ലീഹാ ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രബിന്ദു വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ് ''കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു" (1 തെസ്സ. 3:3).

ആത്മീയ രാജ്യത്തിലെ പുതിയ വ്യവസ്ഥകൾ

അധികാരവും കർത്തൃത്വവും എങ്ങനെ നിർവ്വഹിക്കണം എന്ന പുതിയ രീതിശാസ്ത്രം യേശുക്രിസ്തു ഇവിടെ അവതരിപ്പിക്കുകയാണ്. യേശുവിന്റെ കാലത്ത് ജാതികളിൽ അധിപതികളായവർ ജനങ്ങളുടെമേൽ കർത്തൃത്വം നടത്തുകയും മഹത്തുക്കളായവർ അവരുടെമേൽ അധികാരം നടത്തുകയും ചെയ്യുന്ന സമ്പ്രദായം ആണ് ഉണ്ടായിരുന്നത്. യേശുക്രിസ്തു ആ രീതിയെ തിരുത്തുകയും തന്റെ ശിഷ്യന്മാർക്കും അനുയായികൾക്കും പുതിയ രീതി പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്, നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരനാകണം, നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനായിരിക്കണം (വാ.43,44) ആത്മീയ രാജ്യത്തിലെ പുതിയ വ്യവസ്ഥകളാണിത്.

യേശുവിന്റെ വിപ്ലവാത്മകമായ ഒരു പ്രസ്താവനയാണിത്. സമൂഹം അന്നുവരെ കാണുകയും അനുഭവിക്കുകയും ചെയ്തുവന്നതിനെ നിശിതമായി വിമർശിക്കുന്നതോടൊപ്പം ആത്മീയരാജ്യത്തിലെ പുതിയ വ്യവസ്ഥ തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും കാണിച്ചുകൊടുക്കുകയും ചെയ്തതാണ് യേശുവിന്റെ പുതിയ രീതിശാസ്ത്രം.

സേവനത്തിന്റെ മാതൃക


ക്രിസ്തീയ ജീവിതത്തിന്റെ ആണിക്കല്ലാണ് സേവനം എന്നത്. അതിന്റെ യഥാർത്ഥ മാതൃക കർത്താവ് ഇവിടെ വിളിച്ചുപറയുന്നു. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനും അത്രേ വന്നത്" (വാ. 45).

മറ്റുള്ളവർക്കുവേണ്ടി കൂടിയാണ് നമ്മുടെ ഓരോരുത്തരുടെയും ജീവിതം. മറ്റുള്ളവരെ സേവിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ആനന്ദം കണ്ടെത്തുന്നതാണ് ക്രൈസ്തവജീവിതം. എന്റെ കൂട്ടുകാരൻ ആര്? എന്ന ചോദ്യത്തിന് നല്ല ശമര്യക്കാരന്റെ ഉപമ പറഞ്ഞുകൊണ്ടാണ് യേശു ഉത്തരം നൽകുന്നത്. ഉടമയുടെ അവസാനം ആപത്തിൽപെട്ടവനോട് കരുണ കാണിച്ചവനാണ് യഥാർത്ഥ കൂട്ടുകാരൻ എന്ന് വെളിപ്പെടുത്തി, "നീയും പോയി അങ്ങനെ ചെയ്യുക" (വി. ലൂക്കോ. 10:37) എന്നു നിർബന്ധിക്കുന്ന ക്രിസ്തുവിനെ കാണാം.

മനുഷ്യസേവനത്തിന്റെ കടമയും നിർദ്ദേശങ്ങളും

(1) അത് ജീവിതം ശ്രേഷ്ഠമാക്കുന്നു (വി. മർ.10:43,44)
(2) കൂട്ടുകാരനോടുള്ള കടമ വ്യക്തമാക്കുന്നു (വി. ലൂക്കോ. 10:36,37)
(3) അത് ക്രിസ്തുവിനെപോലെയാക്കുന്നു (വി. യോഹ. 13:14)
(4) ജീവിതഭാരം ലഘൂകരിക്കുന്നു (ഗലാ. 6:2,10)
(5) അത് സ്നേഹം പ്രകാശിപ്പിക്കുന്നു (വി. യോഹ. 21:16)

Hope lies in looking within



1st Sunday after Assumption of Mother Mary

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening- St. Luke 14: 25-35: Morning- St. Luke 15: 1-10: Before Holy Qurbana- Exodus 14:21 –31; I Samuel 8: 4 -9, Isaiah 43:1-5: Holy Qurbana- I John 2: 22-29 ; Ephesians 6: 10-17

St. Luke 6: 39-45

St. Luke 6: 39-45 contains three humorous images- blind leading the blind, one with plank in his eyes attempting to clean the speck in others eyes and gathering of figs from thorns. St. Luke 6 : 20 - 49 is known as the Sermon on the Plain as it was delivered on the foot of a mountain (Lk 6:17) and is similar to the Sermon on the Mount recorded in St. Matthew 5-7.

a. A Great *Guru*

"Can a blind person guide a blind person? Will not both fall into a pit? A disciple is not above the teacher, but everyone who is fully qualified will be like the teacher. (Lk 6:39-40)

Jesus – the Guru par excellence used the parable of teacher and disciples to drive home some spiritual truth. Out of the many qualities of a Guru, selected three are enlisted below in this context.

i. Clarity of vision

One of the basic qualities that a true Guru/ Leader should have is clarity of Vision. There's no dearth of teachers or leaders in the world. But we really lack teachers/ leaders with Vision. It doesn't matter whether you are a born leader or leadership was thrust upon you; but if you don't have a vision you will fail your followers/ organisation.

ii. Lead only if you are sure to guide them

Some leaders/ teachers might take off brilliantly but would lose steam after sometime for one or another reason. They lose their initial enthusiasm and just limp along the way dragging the followers/ students. They might fall into the pit of self-pity, criticism of higher-ups and colleagues, holier-than- thou attitude etc. Such leaders/ teachers are a burden to the organisation and would even pull down the followers/ students. Leaders, especially those in the spiritual realm must introspect if they are still keeping the momentum and going in the right direction.

iii. Help the *shishya* to the height

One of my favourite quotes was said by a School Mentor; "The greatness of a Principal is to be measured on the number of Principals he produced". What he meant was that a good Principal would be a true model for his teachers and also mentor for them so that they also become empowered to be a principal. There are also *Gurus* who help their protégé to reach greater heights. In the recently concluded Tokyo Olympics we have seen coaches who helped their trainees to win medals, even though they themselves had never won Olympic medals during their times of competition.

b. Let God be the judge

"Why do you look at the speck of sawdust in your brother's eye and pay no attention to the plank in your own eye?" (Lk 6:41)

The urgency that we give to correct others shows that we are more worried about their salvation than our own! The vices which we fail to see or overlook in ourselves might appear as a big scandal when found in others. While looking at ourselves we use tinted glasses which would easily cover our faults but would use the most powerful lens to look for others mistakes. If we offend people by saying what we believe to be true, we might think of ourselves as 'being straight forward' and if others do the same they would be called 'arrogant'. Our saving money is frugality but others doing the same is miserliness. When we spend money lavishly we are 'generous' but others are 'spendthrifts'. If we speak differently on different occasions it's an example of being diplomatic but if others copy it then they are being hypocrites. In short, we often use different yardsticks for ourselves and others. "A fault is a fault, whoever it belongs to, and we should judge ourselves and others by the same rule."

c. Hear yourself first

"*No good tree bears bad fruit, nor does a bad tree bear good fruit*." (Lk 6:43)

One of the differences between humans and plants is that plants don't wear masks unlike humans. I am not referring to our mask wearing habit during this Covid times. Plants don't try to appear as something else which they are not. A teak tree won't try to appear as a mango tree or vice versa. Similar is the case in the animal kingdom. A dog won't wear the mask of a goat or a donkey that of a horse (though the Panchatantra Tales tells the story of the Blue Jackal who announced himself as Fierce Owl). But even the cruellest man may masquerade as the kindest person for some time. There's no dearth of self-centred people acting as selfless and service oriented ones especially when they vie for leadership positions. Hypocrisy was severely criticised by Jesus. There should not be any discrepancy between our thoughts, words and deeds. As St. Paul says "*Pay close attention to yourself and to your teaching; continue in these things, for in doing this you will save both yourself and your hearers* (1 Tim 4:16). We need to pay close attention to what we think and what we do. Before others hear our words, we heed to listen to our own words and ensure that what we speak is aligned to what we think and what we do.

Conclusion

Next time when we hurry to judge others, let's remember our Lord's words that those who have no sin cast the first stone. All teachers/ leaders shall also remember the warning of St. Paul – "*if you are sure that you are a guide to the blind, ….. will you not teach yourself? While you preach against stealing, do you steal? You that forbid adultery, do you commit adultery?"* (Romans 2:19-22). Choosing the proper *guru* is very important, but as important is being one's own guru first.

" Before you assume, *learn the facts*
Before you judge, *understand why*
Before you hurt someone, *feel*
Before you speak, *think*"

❑



സി. വി. ആനന്ദ ബോസ് IAS പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കബറിടം സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ സമീപം.



വിനയസ്മൃതി

കുന്നംകുളം: വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്മരണാഞ്ജലി ആർത്താറ്റ് അരമന ചാപ്പലിൽ നടത്തപ്പെട്ടു. അനുസ്മരണ സമ്മേളനത്തിൽ ഡോ. ഗീവർഗീസ് മോർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത നിർവഹിച്ചു. പരിശുദ്ധ പിതാവിന്റെ പാവനസ്മരണക്കായി തയൽ മെഷിൻ വിതരണം DySP ബാബു കെ. തോമസ് നിർവഹിച്ചു.



പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ നാൽപതാം ഓർമ്മ യോടനുബന്ധിച്ച് കുന്നംകുളം സെന്റ് ലാസറസ്സ് പഴയ പള്ളിയിൽ വികാരി ഫാ. ഷിജു കാട്ടിലിന്റെ നേതൃത്വത്തിൽ യുവജനപ്രസ്ഥാനം അംഗങ്ങൾ പച്ചക്കറി കിറ്റ് വിതരണം ചെയ്തു.



പ. പൗലോസ് രണ്ടാമൻ ബാവായുടെ സഹപാഠിയായ പോത്താനിക്കൽ ജോർജ് തോമസ് അച്ചനും കൊച്ചുമകൾ അമിറയും ചേർന്ന് വരച്ച പരിശുദ്ധ പിതാവിന്റെ ചിത്രം ദേവലോകം അരമനയിൽ അനാച്ഛാദനം ചെയ്തു.

മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ലഭിച്ച പത്തനംതിട്ട ടെലികമ്മ്യൂണിക്കേഷൻസ് യൂണിറ്റിലെ സബ് ഇൻസ്പെക്ടർ റോബിൻ വർഗീസ് .

കലയപുരം വലിയ പള്ളി ഇടവകാംഗവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗവുമാണ്.





‘ഓണത്തിന് മുറം നിറയെ പച്ചക്കറി’ പദ്ധതി

സന്തോഷത്തിന്റേയും സാഹോദര്യത്തിന്റേയും സർവ്വൈശ്വര്യങ്ങളുടേയും മഹോത്സവമായ പൊന്നോണത്തിൽ സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും സന്ദേശം പങ്കുവെച്ചുകൊണ്ട് ചുങ്കത്തറ സെൻറ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ മുറം നിറയെ പച്ചക്കറി പദ്ധതി നടപ്പിലാക്കി. പദ്ധതിക്ക് വികാരി ഫാദർ തോമസ് ജോസഫ് നേതൃത്വം നൽകി

ഈ പദ്ധതിയുടെ ഉദ്ഘാടന കർമ്മം മലബാർ ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാദർ മാത്യൂസ് വട്ടിയാനിക്കൽ ഇടവക ട്രസ്റ്റി ജോഷി ജോസിന് ഒരു മുറം പച്ചക്കറി നൽകിക്കൊണ്ട് നിർവ്വഹിച്ചു. ഇടവക വികാരി, ട്രസ്റ്റീ ജോഷി ജോസ് കുന്ത്രയിൽ ഇടവക സെക്രട്ടറി ടോമിൻ മാത്യു കാവിൽ, ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, യുവജനപ്രസ്ഥാനം പ്രവർത്തകർ എന്നിവർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



പരുമല സെന്റ് ഗ്രിഗോറിയോസ് ഹോസ്പിറ്റൽ ചാപ്പലിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ 39–ാം ഓർമ്മദിനത്തിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പരിശുദ്ധ പിതാവിനെ അനുസ്മരിച്ച് ധൂപപ്രാർത്ഥന നടത്തി.



പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ 40–ാം ഓർമ്മ ദിനത്തോട് അനുബന്ധിച്ച് ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലെ ഒരു അഭ്യുദയകാംഷി ഇടവകയിലെ തന്നെ ഏവൂർ തെക്ക് പ്രാർത്ഥനാ യോഗത്തിലെ ഒരു കുടുംബത്തിന് പുതിയ വീട് വെച്ച് നൽകി. വീടിന്റെ കൂദാശകർമ്മം ഇടവക വികാരി ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്ട് നിർവഹിച്ച് കുടുംബത്തിന് താക്കോൽ കൈമാറി.




പരിശുദ്ധ പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവയുടെ നാല്പതാം ചരമ ദിനത്തിനോട് അനുബന്ധിച്ചു മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് വാർഡുകളിലേക്കുള്ള ഓണകിറ്റുകൾ മുളന്തുരുത്തി മാർത്തോമൻ പള്ളി യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിതരണം നടത്തി.



മദ്രാസ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രമായ 'അഗാപ്പെ' പ്രസിദ്ധീകരിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥമുള്ള സുവനീർ പരിശുദ്ധ പിതാവിന്റെ 40–ാം ഓർമ്മദിനത്തിൽ കുര്യാക്കോസ് മാർ ക്ലിമ്മിസ്, ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു.



പരിശുദ്ധ പിതാവിനു കോട്ടയം പൗരാവലിയുടെ പ്രണാമം.



ഓണക്കൂർ വലിയപള്ളിയുടെ ആഭിമുഖ്യത്തിൽ പ. ബാവയുടെ നാല്പതാം ചരമദിനവും അനുസ്മരണ സമ്മേളനവും സംഘടിപ്പിച്ചു. വി. കുർബാനക്ക് ശേഷം വികാരി ഫാ. മഹേഷ് തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന അനുസ്മരണ സമ്മേളനം അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ. ഉത്ഘാടനം ചെയ്തു.



കേരള വാട്ടർ അതോറിറ്റി ചീഫ് എൻജിനിയറായി നിയമിതനായ തിരുവനന്തപുരം, നാലാഞ്ചിറ സെന്റ് മേരീസ് ഓർത്തോഡോക്സ് പള്ളി ഇടവകാംഗം പ്രകാശ് ഇടിക്കുളയ്ക്ക് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുവനന്തപുരം ഭദ്രാസനത്തിന്റെ ഉപഹാരം പൗഡിക്കോണം, മാതാമറിയം ആശ്രമത്തിലെ മർത്തമറിയം പള്ളിയിൽ വച്ച് നല്കി.



Prof. Dr. Dimitri Karpuk, head of the post graduate school of St. Petersburg Theological Academy of the Russian Orthodox Church gives presents to Fr. Dr. Bijesh Philip, Professor, Orthodox Theological Seminary, Kottayam. An icon of around 50 saints canonized by the Russian Orthodox Church who had studied at this academy can be seen just behind them. There are around 700 students studying at St. Petersburg Theological Academy & seminary at present and 130 faculty members teaching there.

പാവനസ്മൃതി

അഹമ്മദാബാദ് ഭദ്രാസന വൈദീക സംഘത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 12-ന് പ. പൗലോസ് ദ്വീതീയൻ കാതോലിക്ക ബാവയുടെ ഓർമകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അനുസ്മരണ സമ്മേളനം നടത്തി. ഗീവർഗീസ് മാർ യൂലിയോസ് അധ്യക്ഷത വഹിച്ചു. യൂലിയോസ് തിരുമേനി പ. ബാവാ തിരുമേനിയെ അനുസ്മരിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജെയിംസ് ഗീവർഗീസ്, ഫാ. ജോസ് ചെമ്മൺ, ഫാ. ജേക്കബ് മാത്യു, ഫാ. വർഗീസ് തോമസ് ഫാ. ഐസക് തോമസ് എന്നിവർ പ്രസംഗിച്ചു.



ഫാ. ഡോ. പി. എസ്. വർഗ്ഗീസിന് ഡോക്ടറേറ്റ് ലഭിച്ചു

ഫാ. ഡോ. പി. എസ്. വർഗ്ഗീസിന് നാഗാലാൻഡ് ഇക്ഫായി (ICFAI) യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി ബിരുദം ലഭിച്ചു. 'സമഗ്ര വിദ്യാഭ്യാസം ഒരു ഗാന്ധിയൻ ദർശനം' എന്ന വിഷയത്തിൽ നടത്തിയ ഗവേഷണത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

അക്കാദമി ഓഫ് യൂണിവേഴ്സൽ പീസ്, യു.എൻ യൂണിവേഴ്സിറ്റി ഫോർ ഗ്ലോബൽ പീസ് (അഡഏജഡചഏജ) 2018-ൽ പീസ് എഡ്യൂക്കേഷനിൽ നൽകിയ സംഭാവനകളെ മാനിച്ചു അച്ചന് ഹോണററി ഡോക്ടറേറ്റ് നൽകിയിരുന്നു.

പാളയത്തിൽ പരേതനായ ചാക്കോ എബ്രഹാമിന്റെയും, ഏലിയാമ്മയുടെയും മകനായ ഫാ. ഡോ. പി. എസ്. വർഗ്ഗീസ് വീയപുരം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗവും ഇപ്പോൾ കൽക്കട്ട ഭാദ്രാസനത്തിൻ കീഴിലുള്ള ദിമാപുർ സെന്റ് ഗ്രിഗോറിയസ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയും, എം.ജി.എം കോളേജിന്റെ പ്രിൻസിപ്പലുമായി സേവനം അനുഷ്ഠിക്കുന്നു.



മലങ്കരയുടെ മോറാൻ ഓർമകളിൽ ....

ദേവലോകം: പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 40-ാം ചരമ ദിനത്തോട് അനുബന്ധിച്ചു 'മലങ്കരയുടെ മോറാൻ ഓർമകളിൽ' എന്ന വീഡിയോ പ്രകാശനം ചെയ്തു. കോട്ടയം ദേവലോകം അരമനയിൽ വെച്ച് നടന്ന ചടങ്ങിൽ വെച്ച് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത പ്രകാശന കർമം നിർവഹിച്ചു. രാജസ്ഥാനിലെ 'ജ്യോതിസ്സ് ആശ്രമം' മാനേജർ ഫീലിപ്പോസ് റമ്പാൻ, കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, പഴയ സെമിനാരി അദ്ധ്യാപകൻ ഫാ. എബ്രഹാം തോമസ്, ഫാ. ജെറിൻ ജോർജ് എന്നിവർ പങ്കെടുത്തു. മലങ്കര സഭയുടെ സൗമ്യ തേജസ്സായിരുന്ന ബാവായുടെ സ്മരണ, മനസ്സുകളിൽ വിങ്ങലായി അവശേഷിക്കുന്ന ഒരുപറ്റം ഹൃദയങ്ങളുടെ സ്മൃതിപഥങ്ങളിലൂടെയുള്ള യാത്രയാണ് വീഡിയോയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. തിരുമേനി വാത്സല്യത്തോടെ ചേർത്തുനിർത്തിയ വൈദികർ, നിഴലുകൾ ആയിരുന്ന സെക്രട്ടറിമാർ, 36 വർഷത്തോളം സാരഥിയായിരുന്ന ബേബി ചേട്ടൻ, രുചിഭേദങ്ങളുടെ സ്നേഹക്കൂട്ടുകൾ വെച്ചു വിളമ്പിയ മോഹനേട്ടൻ എന്നിവരുടെ അനുസ്മരണങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡോക്യുമെന്ററി. ഡിവൈൻ വോയിസ് യൂട്യൂബ് ചാനലിന്റെ ബാനറിലാണ് വീഡിയോ നിർമിച്ചിരിക്കുന്നത്.

നാഗ്പൂർ സെമിനാരിയിൽ പരിശുദ്ധ ബാവാ അനുസ്മരണം

നാഗ്പുർ : പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടേത് ദൈവ വിശ്വാസവും ആത്മവിശ്വാസവും ചേർന്ന വ്യക്തിത്വമായിരുന്നുവെന്ന് നാഷനൽ കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി ആസിർ ഏബനേസർ. നാഗ്പുർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയുടെ ആഭിമുഖ്യ ത്തിൽ നടത്തിയ അനുസ്മരണ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ജീവിത ലാളിത്യവും വിനയവുമുള്ള പരിശുദ്ധ ബാവാ യുവാ ക്കൾക്കും വൈദികർക്കും മാർഗ ദർശിയായിരുന്നെന്നും ആസിർ എബനേസർ അനുസ്മരിച്ചു.

ഡോ. ഗീവർഗീസ് മാർ കൂറി ലോസ് മെത്രാപ്പൊലീത്ത അധ്യ ക്ഷത വഹിച്ചു. പാർശവത്ക്കരി ക്കപ്പെട്ട ജനങ്ങൾക്ക് സാമീപ്യനായ ചലനാത്മകതയുള്ള സഭാനേതാവായിരുന്നു പരിശുദ്ധ ബാ വായെന്ന് അദ്ദേഹം പറഞ്ഞു.

നാഗ്പൂർ സെന്റ് തോമസ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ്, സെമി നാരി റജിസ്ട്രാർ മേഴ്സി ജോൺ, സിൻസി തോമസ് എന്നിവർ പ്രസംഗിച്ചു. സെമിനാരി ക്വയർ അനുസ്മരണ ഗാനം അവതരിപ്പിച്ചു.